**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 401** **10-08-2021 - ൽ മറുപടിയ്ക്ക്**

**മൃഗസംരക്ഷണ വകുപ്പ് നടത്തുന്ന ഗുണനിലവാര പരിശോധന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ പി എസ് സുപാൽ,<br>ശ്രീ വി ശശി,<br>ശ്രീമതി സി. കെ. ആശ | | Smt J Chinchurani<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | ഇതര സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേക്ക് കൊണ്ടുവരുന്ന ഇറച്ചിക്കോഴി, പാൽ ഉല്പന്നങ്ങൾ, പക്ഷിമൃഗാദികൾ എന്നിവ അതിർത്തിയിൽ കുറ്റമറ്റ രീതിയിൽ പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്, ചെക്ക് പോസ്റ്റുകളിൽ അതുവഴി കടന്നുവരുന്ന ഇറച്ചിക്കോഴി, പാൽ ഉല്പന്നങ്ങൾ, പക്ഷിമൃഗാദികൾ, പാൽ, മുട്ട എന്നിവയുടെ കണക്കുകളും, വിവരശേഖരണവുമാണ് നടത്തുന്നത്. ഗുണനിലവാര പരിശോധന സംവിധാനം ഏർപ്പെടുത്താനും ഉദ്ദേശമുണ്ട്. മൃഗങ്ങൾക്ക് രോഗമുണ്ടോ എന്നും, പക്ഷികൾക്ക് രോഗലക്ഷണങ്ങൾ ഉണ്ടോ എന്നതുൾപ്പടെയുള്ള വിപുലമായ പരിശോധനയും നടത്തുന്നുണ്ട്. |
| (ബി) | ചരക്കുസേവന നികുതി നടപ്പിലായതിന്റെ ഭാഗമായി നിലവിലുണ്ടായിരുന്ന പല വാണിജ്യനികുതി ചെക്പോസ്റ്റ് കെട്ടിടങ്ങളും ഉപയോഗശൂന്യമായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഉപയോഗശൂന്യമായ ചെക്പോസ്റ്റ് കെട്ടിടങ്ങൾ മൃഗസംരക്ഷണ വകുപ്പിന്റെ ആവശ്യത്തിനായി ഏറ്റെടുക്കുന്നതിന്റെ സാധ്യത പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | ഉണ്ട്. നിലവിൽ കുമളി, വാളയാർ, കോഴിപ്പാറ എന്നീ സ്ഥലങ്ങളിലെ വാണിജ്യ നികുതി വകുപ്പിന്റെ കെട്ടിടങ്ങൾ മൃഗസംരക്ഷണ വകുപ്പിന് കൈമാറി പ്രവർത്തനം തുടർന്നു വരുന്നു. മറ്റ് ചെക്ക് പോസ്റ്റുകളുടെ സാധ്യതകൾ പരിശോധിച്ചു വരുന്നു. |
| (സി) | ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി നടത്തിവരുന്ന പരിശോധനാ സംവിധാനങ്ങൾ വിപുലീകരിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി നടത്തി വരുന്ന നിലവിലുള്ള പരിശോധനാ സംവിധാനങ്ങൾ ആവശ്യകതയുടെ അടിസ്ഥാനത്തിൽ ആധുനികവത്ക്കരിക്കുന്ന- തിനും വിപുലീകരിക്കുന്നതിനുമുള്ള നടപടികൾ പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ